ഒക്ടോബർ 2019

www.forest.kerala.gov.in aranyammonthly@gmail.com

ഒക്ടോബർ
2- 8
വന്യജീവി
വാരം

# അരണ്യം

വനം വന്യജീവി പരിസ്ഥിതി മാസിക

വന്യജീവി
വാരപ്പതിപ്പ്



## അന്യരല്ല വന്യജീവികൾ



# പൂവരശ്

## നീർത്തടങ്ങളിലെ നിത്യവസന്തം

ഡോ. കണ്ണൻ സി.എസ്. വാര്യർ

പൂവരശ്, ശീലാന്തി എന്നീ പേരുകളിൽ അറിയപ്പെടുന്ന *Thespesia populnea* ഒരു വിവിധോദ്ദേശ്യ മരമാണ്. പുണ്യമായത് എന്ന് അർത്ഥം വരുന്ന *'Thespesios'* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് ഈ മരത്തിന്റെ ജനിതക നാമത്തിന്റെ ഉല്പത്തി. പുരാതന കാലത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ആരാധനാലയങ്ങളിൽ ഈ മരം നട്ടുവളർത്തി യിരുന്നു.

### പാരിസ്ഥിതിക പ്രത്യേകതകൾ

തീരദേശങ്ങളിൽ ഏറ്റവും നന്നായി വളരുന്ന പൂവരശിന് മണ്ണിലെ ഉപ്പിന്റെ അംശത്തെ (Salinity) അതിജീവിക്കുവാനുള്ള കഴിവുണ്ട്. കൂടാതെ വെള്ളം കെട്ടിക്കിടക്കുന്ന (Water logging) ഇടങ്ങളിലും ഇത് വളരുന്നു. സുനാമി ഏറെ നാശനഷ്ടം വരുത്തിയ ശ്രീലങ്കയിൽ പ്രകൃതിസന്തുലനം വരുത്തുവാനായി പൂവരശ് വൻതോതിൽ നട്ടുവളർത്തുകയുണ്ടായി. കണ്ടൽവനങ്ങളുള്ള പ്രദേശത്തും പൂവരശ് കണ്ടുവരുന്നു. ഉപ്പിന്റെ അംശമുള്ള മണ്ണിൽ ഇത് കൂടുതൽ ഫലവത്തായ $C_4$ രീതിയിലുള്ള പ്രകാശസംശ്ലേഷണം നടത്തുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

### അലങ്കാരമായി

തീരപ്രദേശത്തിന് യോജിച്ച മരമാണെങ്കിലും ഉൾനാടുകളിലും ഇത് വളരുന്നതായി കാണാം. ബംഗ്ലൂരു, മുംബൈ, ചെന്നൈ, ചണ്ടിഗഢ് തുടങ്ങിയ നഗരങ്ങളിൽ അലങ്കാര വൃക്ഷമായും പൂവരശ് നട്ടുവരുന്നുണ്ട്. ഇലയുടേയും, പൂക്കളുടേയും ഭംഗിയാണ് അലങ്കാര വൃക്ഷമായി പൂവരശ് നടുവാനുള്ള പ്രധാന കാരണം.

### കാറ്റിൽ നിന്നും സംരക്ഷണം

തീരപ്രദേശങ്ങളിൽ വീശിയടിക്കുന്ന കാറ്റിന്റെ വേഗത നിയന്ത്രിക്കുന്നതിന് 'Wind break' ആയി പൂവരശിനെ ഉപയോഗപ്പെടുത്തുന്നു.

### കാർഷിക വനവത്ക്കരണം

കാർഷിക വനവത്ക്കരണത്തിന് ഉചിതമായ ഈ മരം കരുമുളകു വള്ളി പടർത്തുവാൻ അനുയോജ്യമാണ്. ഇല പച്ചില വളമായും കാലിത്തീറ്റയായും ഉപയോഗിച്ചു വരുന്നു. കന്നുകാലികൾക്ക് ഇതിന്റെ ഇല ഇഷ്ടഭോജ്യമാണ്.



വളവില്ലാത്ത പൂവരശ്

### തടിയുടെ പ്രത്യേകത

പൂവരശിന്റെ തടി ചിതലരിക്കുന്നില്ല. പണിയുമ്പോൾ വിണ്ടുകീറുകയുമില്ല. നന്നായി പോളീഷ് ചെയ്യാവുന്ന ഇതിന്റെ തടി കസേര, മേശ, കട്ടിൽ, ജനാല, കട്ടള തുടങ്ങിയ മര ഉരുപ്പടികൾക്ക് അനുയോജ്യമാണ്. ചെറുവള്ളങ്ങളുണ്ടാക്കുന്നതിനും പ്രയോജന പ്പെടുത്താം. ഒരു പ്രയാസവുമില്ലാതെ തടി സീസൺ ചെയ്ത് പാകപ്പെടുത്താവുന്നതാണ്. തടിയിൽ നിന്നും ലഭിക്കുന്ന വർണ്ണം (Dye) തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ കമ്പിളിക്ക് നിറം കൊടുക്കുവാൻ ഉപയോഗിച്ചുവരുന്നു.

കേരളത്തിൽ തിരുവിതാംകൂർ ഭാഗത്താണ് പൂവരശിന്റെ ഉപയോഗം കൂടുതലായുള്ളത്. പുരയിടമുള്ള മിക്ക വീടുകളിലും ഒരു മരമെങ്കിലും കാണുവാൻ കഴിയും.

### മരുന്നിന്റെ ആവശ്യങ്ങൾക്കായി

പൂവരശിന്റെ ഇല, പൂവ്, കായ്, തൊലി തുടങ്ങി എല്ലാ സസ്യഭാഗങ്ങളും മരുന്നിന്റെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. തൊലിയിൽ നിന്നും ലഭിക്കുന്ന മൂലികകൾ ഓർമ്മ ശക്തി വർദ്ധിപ്പിക്കുന്നതായി പ്രാഥമിക പഠനങ്ങൾ സൂചിപ്പിക്കുന്നു. ആൽഷീമർ രോഗികളുടെ ചികിത്സക്കായി ഇതിനെ ഉപയോഗപ്പെടുത്തുന്ന ഗവേഷണം നടന്നുവരുന്നു.

### പ്രധാന ന്യൂനതകൾ

പൂവരശിന്റെ പ്രധാന ന്യൂനത ഇതിന്റെ തടി വളഞ്ഞു വളരുന്നു എന്നതാണ്. വളവില്ലാതെ വളരുന്ന തടി ദുർലഭമാണ്. പൂവരശിലുള്ള ഗവേഷണ രേഖകൾ പരിശോധിച്ചാൽ കൂടുതലായും മരുന്നിന്റെ ആവശ്യത്തിനായുള്ള ഗവേഷണം മാത്രമാണ് കാണുവാൻ സാധിക്കുന്നത്.

### ഗവേഷണം

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ കോയമ്പത്തൂരിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിംഗിൽ 2011 മുതൽ വളവില്ലാത്ത പൂവരശിന്റെ തടി ലഭ്യമാക്കുന്നതിനാവശ്യമായ ഗവേഷണം നടന്നുവരുന്നു.

കേരളം, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിൽ നിന്നും ബൃഹത്തായ സർവ്വേ നടത്തി വളവില്ലാത്തതും ഗുണനിലവാരമുള്ളതുമായ 139 പ്ലസ് മരങ്ങളെ (Plus trees) തെരഞ്ഞെടുത്തിട്ടുണ്ട്. ഈ മരങ്ങളെ ക്ലോണിംഗിലൂടെ വികസിപ്പിച്ച് പാലക്കാടിനടുത്ത് ഒരു ക്ലോണൽ വികസനത്തോട്ടം നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഉരുത്തുരിച്ചെടുത്ത ക്ലോണൽ തൈകളെ വിവിധ പ്രദേശങ്ങളിലായി പരീക്ഷണത്തോട്ടങ്ങളുണ്ടാക്കി ഏറ്റവും മികച്ചവയെ കണ്ടെത്തുവാനുള്ള ശ്രമത്തിലാണ് ഗവേഷണസ്ഥാപനം

(കോയമ്പത്തൂർ IFGTB യിലെ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റാണ് ലേഖകൻ)